കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആശ്രിത നിയമനം - കോഴിക്കോട് നഗരസഭയിൽ കണ്ടിജൻസി വിഭാഗം ജീവനക്കാരിയായിരിക്കെ മരണമടഞ്ഞ അമ്മുവിന്റെ മകൾ ശ്രീമതി.കെ.ബിന്ദു ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇയു) വകുപ്പ്**

സ.ഉ.(സാധ)നം. 2582/2013/തസ്വഭവ. തീയതി, തിരുവനന്തപുരം, 21.10.2013

---

പരാമർശം:- കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 18.02.2013-ലെ HRMP നം. 336/12 നമ്പർ ഉത്തരവ്.

**ഉത്തരവ്**

കോഴിക്കോട് നഗരസഭയിൽ കണ്ടിജൻസി വിഭാഗം ജീവനക്കാരിയായിരിക്കവേ 1.12.1987-ൽ മരണമടഞ്ഞ അമ്മുവിന്റെ മകൾ ശ്രീമതി.കെ.ബിന്ദു ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ 13 വർഷത്തെ കാലതാമസം ഒരു പ്രത്യേക കേസായി പരിഗണിച്ച് മാപ്പാക്കി ടിയാൾക്ക് ജോലി നല്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് പരാമർശ ഉത്തരവ് പ്രകാരം മനുഷ്യാവകാശ കമ്മീഷൻ സർക്കാരിനോട് ശുപാർശ ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് നഗരസഭയിൽ കണ്ടിജൻസി വിഭാഗം ജീവനക്കാരിയായിരിക്കെ 01.12.1987-ൽ മരണമടഞ്ഞ അമ്മുവിന്റെ മകൾ ശ്രീമതി. കെ.ബിന്ദു ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ 13 വർഷത്തെ കാലതാമസം ഒരു പ്രത്യേക കേസായി പരിഗണിച്ച് മാപ്പാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
**രാജൻ ഖോബ്രഗഡേ,**
**സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ശ്രീമതി.കെ.ബിന്ദു, കാടുവയൽ കോളനി, എരഞ്ഞിപ്പാലം, കോഴിക്കോട്.
സെക്രട്ടറി, കോഴിക്കോട് കോർപ്പറേഷൻ, കോഴിക്കോട്.
സെക്രട്ടറി, കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ,
എം.പി.അപ്പൻ റോഡ്, വഴുതക്കാട്, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**